**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3702** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക കോളേജ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജകമണ്ഡലത്തിൽ കാർഷിക കോളേജ് ആരംഭിക്കുന്നതിനായി എന്തെല്ലാം സാധ്യതാപഠനങ്ങളാണ് കൃഷി വകുപ്പ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | പാലക്കാട് നെന്മാറ നിയോജക മണ്ഡലത്തിൽ കേരള കാർഷിക സർവകലാശാലയുടെ കീഴിൽ ഒരു കാർഷിക കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പും പട്ടികജാതി പട്ടികവർഗ വികസന വകുപ്പും സംയുക്തമായി ചേർന്ന് മന്ത്രിതല യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോളേജിനുള്ള സ്ഥലം സന്ദർശിച്ച് ആവശ്യങ്ങൾ വിലയിരുത്തുന്നതിനും കാർഷിക കോളേജ് ആരംഭിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങളടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി കേരള കാർഷിക സർവകലാശാലയിലെ അഗ്രി ഫാക്കൽറ്റി ഡീൻ അദ്ധ്യക്ഷനായുള്ള ഒരു അഞ്ചംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി മുതലമട പഞ്ചായത്തിലെ അട്ടയാംപതിയിലുള്ള പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (PISAT) ക്യാമ്പസ് സന്ദർശിക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ റിപ്പോർട്ട് സർക്കാരിലെ പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | കാർഷിക കോളേജിന് ആവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലം അട്ടയാംപതിയിലുള്ള പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (PISAT) ക്യാമ്പസാണ്. |

സെക്ഷൻ ഓഫീസർ